നം.കെഎസ്എ-കെടിഎം.പി.6-1928/2016 തീയതി-19.12.2016

# കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 1.4.16 മുതൽ 30.11.16 വരെ നടത്തിയ പണം പിരിവ് , വിവിധ അക്കൗണ്ടുകളിലൂടെയുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധനക്ക് വിധേയമാക്കി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 09-12-2016 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1-12-2016 മുതൽ 8-12-16 വരെ |
| ഉദ്യോഗസ്ഥർ | ശ്രീ.കെ. വി. സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീ. സുമേഷ് പി.വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.എം.ആർ രേണുകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ആൽബിൻ സിറിയക്ക്, ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി.സുലോചനപ്രഭാകരൻ | 01.04.2015-31.10.2015 |
| | ശ്രീ.സാബു പി മണലൊടി | 19.11.2015- 31.03.2016 |
| സെക്രട്ടറി | ശ്രീ.അജിതകുമാർ പി.ഡി | 01.04.2015- 31.05.2015 |
| | ശ്രീ.രാജീവ് എസ്സ്(അസിസ്റ്റന്റ് സെക്രട്ടറി-ഇൻചാർജ്) | 1.6.2015-22.7.2015 |
| | ശ്രീ.സത്യദേവൻ | 23.07.2015-30.11.2015 |
| | ശ്രീ.രാജീവ് എസ്സ്(അസിസ്റ്റന്റ് സെക്രട്ടറി-ഇൻചാർജ്) | 1.12.2015-31.03.2016 |

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

| | | |
|---|---|---|
| വികസനകാര്യം | ശ്രീമതി. പി.കെ.രമ | 01.04.2015- 31.10.2015 |
| | ശ്രീ.പി.എസ്.മോഹനൻ | 12.12.2015-31.03.2016 |
| ക്ഷേമ കാര്യം | ശ്രീമതി രമഗോപാലൻ | 01.04.2015- 31.10.2015 |
| | ശ്രീമതി പ്രവീണസിബി | 12.12.2015-31.03.2016 |
| ആരോഗ്യ/ വിദ്യാഭ്യാസം | ശ്രീമതി നയന | 01.04.2015- 31.10.2015 |
| | ശ്രീ.പി.പി.ദിവാകരൻ | 12.12.2015-31.03.2016 |

| | | |
|---|---|---|
| ധനകാര്യം | ശ്രീ.മുകുന്ദൻ<br>ശ്രീമതി.ലേഖതമ്പി | 01.04.2015- 31.10.2015<br>19.11.2015-31.03.16 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.നിർമ്മല പ്രിയദർശിനി | 01.04.2015- 31.03.2016 |
| വി.ഇ.ഒ | ശ്രീ.ബൈജു | 01.04.2015- 31.03.16 |
| എൽ വി ഒ | ശ്രീമതി ചിഞ്ചുദിനേശ് | 1.4.2015-3.7.2015 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ആശാറാണി | 01.04.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ജോസഫ് പി.വി | 01.04.2015- 31.03.2016 |
| മെഡിക്കൽ ഓഫീസർ ,ആയുർവേദം | ഡോ.എ.വി.സുനിൽ | 01.04.2015- 31.03.2016 |
| മെഡിക്കൽ ഓഫീസർ ,ഹോമിയോ | ഡോ.മഞ്ജുസേവ്യർ | 01.04.2015- 31.03.2016 |
| ഡയറി ഫാം ഇൻസ്പക്ടർ | ശ്രീ.രാഗേഷ് | 01.04.2015- 31.03.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാജീവ് എസ്സ് | 01.04.2015- 31.03.2016 |
| കൃഷി ഓഫീസർ | ശ്രീമതി സീന വി.എം. | 01.04.2015- 31.03.2016 |
| എച്ച് എം ജി എൽ പി എസ് | ശ്രീമതി സീനത്ത് ബീവി | 01.04.2015- 31.03.2016 |
| ഫിഷറീസ് ഡെവലപ്പ്മെന്റ് ഓഫീസർ | ശ്രീ.മറ്റം മെറിറ്റ്കുര്യൻ | 01.04.2015- 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ലീന വി.<br>ശ്രീമതി ലില്ലിക്കുട്ടി | 01.04.2015- 03.09.2015<br>04.09.2015-31.03.2016 |

ഉള്ളടക്കം


| ഭാഗം 1--പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക-സർട്ടിഫിക്കേഷൻ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |

| | |
|---|---|
| തനത് വരുമാനം | 1-7 |
| ക്ഷേമപദ്ധതികൾ | 1-8 |
| ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| ആഭ്യന്തരനിയന്ത്രണം | 1-10 |
| മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-11 |
| ഭാഗം 2 --വരവുകണക്കുകൾ | |
| വാർഷിക കണക്കുകളുടെ അവലോകനം | 2-1 |
| ചെക്ക്/ഡി.ഡി. മുഖേനയുള്ള വരവുകളുടെ കളക്ഷൻ ചാർജ്ജ് ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 2-2 |
| വസ്തുനികുതി--അനർഹരെ ഒഴിവാക്കി | 2-3 |
| വാടക--കുടിശിക ഈടാക്കിയിട്ടില്ല | 2-4 |
| ഇ-ടെന്റർ-ടെന്റർ ഫോം വില പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകിയിട്ടില്ല | 2-5 |
| തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 2-6 |
| ഡി ആന്റ് ട്രേഡ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 2-7 |
| വാടക--കരാർ ചമച്ചിട്ടില്ല | 2-8 |
| ഭാഗം 3--ചെലവുകണക്കുകൾ | |
| അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾ-ഡി.ഡി. ഗുണഭോക്താക്കൾ കൈപ്പറ്റിയില്ല | 3-1 |
| എസ്.സി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകൽ--ഒരു ഗുണഭോക്താവിന് തന്നെ രണ്ട് പ്രാവശ്യം ഡി.ഡി. എടുത്ത് നൽകി | 3-2 |
| എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം-വിതരണം പൂർത്തിയായില്ല | 3-3 |
| വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 3-4 |
| പ്രോജക്ടുകൾക്ക് ഡാറ്റാ എൻട്രി-ശമ്പളം നൽകിയത് സംബന്ധിച്ച് | 3-5 |
| അംഗീകൃത അളവിനേക്കാൾ അധികമായി പ്രവൃത്തി നിർവ്വഹിച്ചത് ക്രമാനുസൃതമല്ല | 3-6 |
| പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല | 3-7 |
| പ്രവൃത്തി നിർവ്വഹണത്തിൽ വീഴ്ച-കരാറുകാരന്റെ കരുതൽ നിക്ഷേപം പഞ്ചായത്തിൽ മുതൽക്കൂട്ടിയതിന്റെ വിവരം ലഭ്യമായിട്ടില്ല | 3-8 |
| ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ | 3-9 |

| | |
|---|---|
| ഹോംകോയിൽ നിന്നും മരുന്ന് വൈകി ലഭിക്കുന്നത് | 3-10 |
| എച്ച്.എം.സി. ആയുർവ്വേദം- തുക മോഷണം പോയത് സംബന്ധിച്ച്. | 3-11 |
| പ്രത്യേക കന്നുകുട്ടി പരിപാലനം | 3-12 |
| കക്കൂസ് നിർമ്മാണം--ഭൂരിഭാഗം ഗുണഭോക്താക്കൾക്കും ധനസഹായം ലഭിച്ചില്ല | 3-13 |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രോജക്കുകൾ | 4-1 |
| ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 23.3.15 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിച്ചു. 2015-16 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് 3.3.16 ൽ ചേർന്ന ജനറൽ കമ്മറ്റി അംഗീകരിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 515006 |
| വരവ് | 141011661 |
| ആകെ | 141526667 |
| ചെലവ് | 140829002 |
| നീക്കിയിരിപ്പ് | 697665 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ തിരിച്ചയച്ച | അപാകത |
|---|---|---|---|

| തീയതി | തീയതി | തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 30-7-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-2016 | 7-12-2016 | ഓഡിറ്റ് റിപ്പോർട്ടിനൊപ്പം ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രികപ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21107493 |
| വരവ് | 41591535 |
| ആകെ | 62699028 |
| ചെലവ് | 58675865 |
| നീക്കിയിരിപ്പ് | 4023163 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രഡിറ്റ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3196638 | 6381833 | 9578471 | 9578471 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 2831017 | 4694685 | 7525702 | 7525702 | 0 | 216017 |
| വികസനഫണ്ട് ടി.എസ്.പി. | 63000 | 74000 | 137000 | 137000 | 0 | 63000 |
| സംരക്ഷണഗ്രാന്റ് റോഡ് | 548762 | 3167368 | 3716130 | 3716130 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2033986 | 1548172 | 3582158 | 3582148 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 836370 | 5638633 | 6475003 | 6475003 | 0 | 3770651 |
| പെർഫോമൻസ് ഗ്രാന്റ് | 3661205 | 3585619 | 7246824 | 7246824 | 0 | 3657127 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 67185071 | 151 | 47483465 | 5 | 30 | 55 |

| | |
|---|---|
| ഗ്രാമസഭകൾ | 20.6.15 മുതൽ വിവിധ തീയതികൾ |
| ഊരുകൂട്ടയോഗം | 31.12.2015 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 16.2.2015 |
| വികസനസെമിനാർ | 16.2.15 |
| ഭരണസമിതി അംഗീകാരം | 31.03.2015 |
| ഡിപിസി അംഗീകാരം (പ്രാഥമികം)<br>ഡിപിസി അംഗീകാരം (അന്തിമം) | 11.06.15<br>24.6.2016 |

നേട്ടങ്ങളും കോട്ടങ്ങളും

2015-16 വർഷത്തിലെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതിപ്രവർത്തനങ്ങളുടെ നേട്ടങ്ങളും കോട്ടങ്ങളും താഴെപ്പറയും പ്രകാരം സംഗ്രഹിക്കുന്നു.

| മേഖല | നേട്ടങ്ങൾ | കോട്ടങ്ങൾ |
|---|---|---|
| ഉല്പാദനം | കാർഷികരംഗത്ത് നെൽകൃഷിവികസനത്തിന് 178242രൂപയും പച്ചക്കറി കൃഷിവികസനത്തിന് 220000 രൂപയും വിളപരിപാലനത്തിന് 500000രൂപയും വിനിയോഗിച്ചു.<br>മൃഗസംരക്ഷണരംഗത്ത് കന്നുകുട്ടി പരിപാലനപദ്ധതിക്ക് 600000രൂപയും കാലിത്തീറ്റ സബ്സിഡിക്ക് 547620രൂപയും വിനിയോഗിച്ചു. | ഉല്പാദന വർദ്ധനവ് വ്യക്തമാക്കുന്ന സ്ഥിതിവിവരക്കണക്ക് ലഭ്യമല്ല |
| സേവനം | പോഷകാഹാര പദ്ധതിക്ക് 1694644രൂപ ചെലവഴിച്ചു.<br>ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സ്കോളർഷിപ്പ് നൽകുകയും മുച്ചക്രവാഹനം ലഭ്യമാക്കുകയും ചെയ്തു.<br>ഹോമിയോ ആയുർവേദാശുപത്രികൾക്ക് 650000രൂപയുടെ മരുന്ന് ലഭ്യമാക്കി.<br>വിവിധ കുടിവെള്ളപദ്ധതികളുടെ ഭാഗമായ് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് വാട്ടർ | ഉറവിടമാലിന്യപദ്ധതി, സീറോവേസ്റ്റ് പദ്ധതി എന്നിവ നടപ്പിലായില്ല.<br>എല്ലാ അങ്കണവാടികൾക്കും ഇപ്പോഴും സ്വന്തം സ്ഥലവും കെട്ടിടവും ആർജ്ജിക്കാൻ സാധിച്ചിട്ടില്ല.<br>പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയുടെ നിർവഹണപുരോഗതി ഇനിയും വിലയിരുത്തിയിട്ടില്ല. |

| | | |
|---|---|---|
| | അതോറിറ്റിയിൽ തുക നിക്ഷേപിച്ചു.<br>ഭവനനിർമ്മാണ പുനരുദ്ധാരണപ്രവൃത്തികൾക്ക് ധനസഹായം ലഭ്യമാക്കി. | |
| പശ്ചാത്തലം | 86 റോഡുകളുടെ നിർമ്മാണ പുനരുദ്ധാരണപ്രവൃത്തികൾ നടന്നു. | റോഡ്നിർമ്മാണപ്രവൃത്തികൾ നിർമ്മാണത്തിന്റെ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായ് നിർവഹിച്ചിട്ടില്ല.<br>ആസ്തികളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 457670 | 1812058 | (+)1354388 | (+)74.77 |
| നികുതിയേതര വരവുകൾ | 324658 | 312114 | (-)12544 | (-)3.86 |
| മറ്റുവരവുകൾ | 105119 | 67692 | (-)37427 | (-)35.60 |
| ആകെ | 887447 | 851116 | (-)1268086 | (-)142.89 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 745460 | 377 |
| കർഷകതൊഴിലാളി പെൻഷൻ | 6997560 | 877 |
| വിധവാപെൻഷൻ | 7440720 | 809 |
| വാർദ്ധക്യകാലപെൻഷൻ | 7336770 | 1921 |
| വികലാംഗപെൻഷൻ | 3158030 | 324 |
| അവിവാഹിത പെൻഷൻ | 740040 | 76 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.12.2016 തീയതി 3.45 പി എം. ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4404രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ബിൽ രജിസ്ററിൽ ബിൽ നം.ചേർക്കുന്നില്ല. കരാറുകാർ ഒടുക്കുന്ന നിരതദ്രവ്യം കരുതൽ നിക്ഷേപം എന്നിവ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വർക്ക്ബില്ലുകളിൽ നിന്നും പിടിക്കുന്ന വാറ്റ്, വരുമാനനികുതി. നിർമ്മാണത്തൊഴിലാളി ക്ഷേമനിധിവിഹിതം എന്നീ തുകകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. മതിയായ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവത്തിൽ സങ്കേതം സോഫ്റ്റ് വെയറിന്റെ സേവനം പഞ്ചായത്തിന് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.02.2016 | 1/2016 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.3.13 | 2007-08-2011-12 | എൽബിഎ എഎച്ച്ക്യൂ2/84 /1964/863 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

2015-16 ലെ വാർഷിക കണക്കുകളുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/LSGD .26.7.11)പാലിച്ചിട്ടില്ല.
2. കെട്ടിടനികുതിയുടെ ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള RP -43,B-15 തുകകളുടെ കൃത്യത വ്യക്തമല്ല.
3. B-11(a) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇല്ല എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് തൻവർഷം പാർട്ട് ബിൽ നൽകിയിട്ടുണ്ട്.

a)പ്രോജക്ട് നമ്പർ 109/16 അക്കരപ്പാടം സ്കൂൾ ചുറ്റമതിൽ നിർമ്മാണം , തുക 261026

b) പ്രോജക്ട് നമ്പർ 140/16 പഞ്ചായത്ത് ഓഫീസ് ഹാൾ ഫർണ്ണിഷിംഗ്, തുക 389964

4. വാടകയിനത്തിൽ 25000 രൂപ കുടിശ്ശികയുണ്ടായിട്ടും ആയത് അക്കൗണ്ടിൽ പരാമർശിച്ചിട്ടില്ല.

## 2-2 ചെക്ക് /ഡി.ഡി മുഖേനയുള്ള വരവുകളുടെ കളക്ഷൻ ചാർജ് ഡിമാൻറ് ചെയ്ത് ഈടാക്കുന്നില്ല.

മറ്റ് സ്ഥലത്തെ ബാങ്കുകളിൽ നിന്നുള്ള ചെക്ക്, ഡി.ഡി മുഖേനയുള്ള ഗ്രാമപഞ്ചായത്തിന്റെ വരവുകൾ പണമായി മാറുമ്പോൾ ബാങ്ക് കളക്ഷൻ ചാർജ് ഈടാക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം | തുക നൽകിയ സ്ഥാപനം | ചെക്ക്/ഡി.ഡി നം/ തീയതി | പണമായി മാറിയ തീയതി | തുക | വരവ് വന്ന തുക | കുറവ് |
|---|---|---|---|---|---|---|
| 11603400002 | Reliance jio | 981262 dated 06/04/16 | 03/05/16 | 416900 | 416880 | 20 |
| 1160350001 | District co ordinator | 906303 dated 31/03/16 | 11/07/16 | 600000 | 599980 | 20 |

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിങ് ചട്ടങ്ങൾ 2011 ലെ ചട്ടം 21(2) പ്രകാരം മറ്റ് സ്ഥലത്തെ ബാങ്കുകളിൽ നിന്നുള്ള ചെക്കുകളുടെ തുകയിൽ ബാങ്ക് ചാർജ്ജുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും അപ്രകാരം ബാങ്ക്

ചാർജ് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അത്തരം തുകകൾ പ്രത്യേകം ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ബാങ്ക് ചാർജ് ഉൾപ്പെടെയുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി- അനർഹരെ ഒഴിവാക്കി

പഞ്ചായത്തിന്റെ അസസ്സ്മെന്റ്,ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന വ്യക്തിയെ 27/04/15 തിയതിയിലെ 144/15 എന്ന സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു.

| കെട്ടിട നമ്പർ | പേര് | വിസ്തീർണ്ണം |
|---|---|---|
| 1/319 വാസഗ്രഹം | സുഷമ പുത്തൻതറ | 67ച.മീ (720.25 ച.അടി) |

എന്നാൽ ഈ ഉത്തരവ് പ്രകാരം 660ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ മാത്രമേ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കേണ്ടതുള്ളൂ. ആയതിനാൽ അനർഹമായി ഒഴിവാക്കപ്പെട്ട ഈ വ്യക്തിയിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വാടക-കുടിശ്ശിക ഈടാക്കിയിട്ടില്ല

നേരേകടവ് ഫിഷ് ലാൻഡിംഗ് കെട്ടിടം (16/455എ) പ്രതിമാസം 550 രൂപ നിരക്കിൽ സന്തോഷ്, നാഗംപൂഴിക്കാട് എന്നയാൾ 14-15 ൽ വാടകക്കെടുത്തിരുന്നു. ആയത് 5% നിരക്ക് കൂട്ടി തൻവർഷം വാടകക്കെടുക്കാൻ ടിയാൻ തയ്യാറായിരുന്നു. എന്നാൽ പ്രസ്തുത പ്രദേശത്ത് നല്ല കച്ചവടസാദ്ധ്യതയുള്ളതിനാൽ 550 രൂപയെക്കാൾ കൂടിയ നിരക്കിൽ വാടക പഞ്ചായത്ത് കമ്മറ്റി ഡിമാന്റ് ചെയ്തു. ആയത് ടിയാൻ അംഗീകരിക്കാതെ വരികയും 4/15 മുതലുള്ള വാടക ഒടുക്കാതിരിക്കുകയും ചെയ്തു. പഞ്ചായത്തിന്റെ നിലപാട് ടിയാൻ കോടതിയിൽ ചലഞ്ച് ചെയ്തെങ്കിലും കോടതി വിധിയുടെ അടിസ്ഥാനത്തിൽ16.12.15 ൽ ലേലം നടത്തുകയും ചെയ്തു. ടിയാൻ തന്നെ 15000 രൂപക്ക് ലേലം പിടിക്കുകയുണ്ടായി. 1/15 മുതൽ 3/15 വരെയുള്ള 45000 രൂപ 04.01.16 ന് അടക്കുകയും ചെയ്തു. എന്നാൽ ലേലം ഒരു വാശിക്ക് കൊണ്ടതാണെന്നും ഈ നിരക്കിൽ വാടക അടക്കാനുള്ള കച്ചവടം നടക്കുന്നില്ലാത്തതിനാൽ ഏപ്രിൽ 2015 മുതൽ ഓഗസ്റ്റ് 2015 വരെയുള്ള 5 മാസത്തെ വാടകയിൽ ഇളവ് തരണമെന്നും ടിയാൾ പഞ്ചായത്തിനെ അറിയിച്ചതിനെ തുടർന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 27/02/16ലെ 3(5) തീരുമാന പ്രകാരം ഈ വാടക കുടിശ്ശിക പ്രതിമാസം 5000 രൂപ എന്ന നിരക്കിൽ നൽകിയാൽ മതിയെന്ന് ഇളവ് കൊടുത്തു. 4/15 മുതൽ 8/15 വരെയുള്ള വാടക ഒടുക്കാതെ 31.08.15 ൽ ടിയാൾ മുറിയൊഴിയുകയും ചെയ്തു. എന്നാൽ ലേല ഡയറിയിൽ നിന്ന് ലേലത്തിൽ പങ്കെടുത്ത എല്ലാവരും തന്നെ 5000രൂപയിൽ കൂടിയ തുകക്ക് ലേലം കൊള്ളാൻ തൽപരരായിരുന്നു എന്ന് വ്യക്തമാകും. ഇളവ് നൽകിയെങ്കിലും നാളിതുവരെ ടിയാനിൽ നിന്നും കുടിശ്ശികയായി ഈടാക്കേണ്ട 25000 രൂപ ഈടാക്കിയിട്ടില്ല. കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-5 ഇ ടെന്റർ-ടെന്റർഫോം വില പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിനൽകിയിട്ടില്ല.

താഴെപ്പറയുന്ന മരാമത്ത് വേലകൾ ഇ ടെന്റർ മുഖേനയാണ് നിർവഹിക്കപ്പെട്ടത്. എന്നാൽ പ്രസ്തുത വർക്കുകളുടെ ടെന്റർ ഫോം വിലയായ് കരാറുകാർ ഒടുക്കിയ ടെന്റർ ഫോം വില എൽ എസ് ജി ഡി ജില്ലാ എക്സിക്കുട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റിനൽകിയിട്ടില്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | പ്രോജക്ട് കോസ്റ്റ് | ടെന്റർ വാങ്ങിയവരുടെ എണ്ണം | ടെന്റർഫോം വില |
|---|---|---|---|---|
| 108/16 | പുറത്തയിൽകോളനി കുറിച്ചിയിൽറോഡിൽ കലുങ്ക് നിർമ്മാണം | 800000 | 2 | 3600 |
| 59/16 | കൊടിയാട് നടുത്തട്ടിൽറോഡ് ടാറിംഗ് | 1000000 | 4 | 8000 |
| 107/16 | ഉറുവേലിക്കുന്ന് വേട്ടംവേലിറോഡിൽകലുങ്ക് നിർമ്മാണം | 1161000 | 3 | 5400 |
| 140/16 | പഞ്ചായത്ത് ഓഫീസ്ഹാൾ ഫിനിഷിംഗ് വർക്ക്സ് | 908500 | 3 | 6000 |

| | | | | |
|---|---|---|---|---|
| 109/16 | അക്കരപ്പാടം സ്കൂൾ ചുറ്റുമതിൽനിർമ്മാണവും കെട്ടിടം പുനരുദ്ധാരണവും | 1000000 | 2 | 4000 |
| 52/16 | എൻ എസ് എസ് മനക്കൽ കലുങ്ക്റോഡ് റീടാറിംഗ് | 900000 | 3 | 5400 |
| ആകെ | | | | 32000 |

പ്രസ്തുത തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിക്കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകകൾ

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ശ്രീകൃഷ്ണാ ആയുർവേദ ചികിത്സാ കേന്ദ്രം | 2 |
| 2 | ഈറോസ് ഓയിൽ മിൽസ് | 2 |
| 3 | സി ആൻഡ് പി എക്സ്ട്രാറ്റേഴ്സ് ,വല്ലകം | 1,2 |
| 4 | ഇംപ്രസ് അപ്പാരൽസ്, ഉദയനാപുരം | 1,2 |
| 5 | കെ.വി.സി.എസ് നം 81 ഡി<br>ക്ഷീരവികസന സഹകരണ സംഘം | 1 |
| 6 | കെ.വി.സി.എസ് നം 84 | 1,2 |
| 7 | കെ.വി.സി.എസ് നം 80ഡി | 1,2 |
| 8 | സി.വി.സി.എസ് നം 664<br>കയർ വികസന സഹകരണ സംഘം | 1,2 |
| 9 | സി.വി.സി.എസ് നം57 | 1,2 |
| 10 | സി.വി.സി.എസ് നം736 | 2 |
| 11 | സി.വി.സി.എസ് നം338 | 2 |
| 12 | സി.വി.സി.എസ് നം459 | 1,2 |

ബി)തൊഴിൽ നികുതി - സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തിന്റെ സ്ഥാപന രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല എന്ന് വ്യക്തമാകുന്നു.

1)എ.ആർ അഗ്രിടെക്,പടിഞ്ഞാറേക്കര

2)വല്ലകം ക്ഷീരോൽപാദക സഹകരണ സംഘം,പടിഞ്ഞാറേക്കര

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം 4) വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 2-7 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

1) വല്ലകം ക്ഷീരോൽപാദക സഹകരണ സംഘം, വല്ലകം.
2) എസ്.എൻ സോഡ വർക്ക്സ്.

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് ഫീസ് യഥാസമയം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 വാടക-കരാർ ചമച്ചിട്ടില്ല

പഞ്ചായത്ത് വക കെട്ടിടങ്ങളിലെ വാടകക്കാരുമായി ഗ്രാമപഞ്ചായത്ത് നിയമാനുസൃത കരാർ ചമച്ചിട്ടില്ല. ഏതാനും മുദ്രപ്പത്രങ്ങൾ വാങ്ങി സൂക്ഷിക്കുന്നതായി കാണുന്നു. കരാറിൽ ഏർപ്പെടാത്തതുമൂലം ടി കടമുറികളിൻമേൽ കുത്തകക്കാരുമായി നിയമവ്യവഹാരം ഉണ്ടാകുന്ന പക്ഷം പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കാൻ സാധിച്ചെന്ന് വരില്ല. എല്ലാ വാടകക്കാരുമായും കരാർ ചമയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾ-ഡി.ഡി ഗുണഭോക്താക്കൾ കൈപ്പറ്റിയില്ല.

തൻവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടുകളിൽപ്പെടുന്ന എസ്.സി വിവാഹധനസഹായം, വീട് വയറിംഗ്(ടി.എസ്.പി), എസ്.സി കുടുംബങ്ങൾക്ക് പൈപ്പ് കണക്ഷൻ എന്നീ പ്രോജക്ടുകൾക്കായി യഥാക്രമം 10,1,84 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ആയതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഡി.ഡി കൈപ്പറ്റിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ഡി.ഡി കൈപ്പറ്റാത്ത ഗുണഭോക്താവ് | ഡി.ഡി നമ്പർ, തീയതി/ ഫണ്ട് | തുക | ഡി.ഡി നൽകാത്തതിന് കാരണം |
|---|---|---|---|---|---|
| 1 | 15/16 ,എസ്.സി വിവാഹധനസഹായം, | ശ്രീധരൻ,കാരക്കാട്ട് | 740949/29.12.15 വികസനഫണ്ട് | 50000 | നാളിതുവരെ രേഖകൾ ലഭ്യമാക്കിയില്ല. |
| 2 | 145/16 ,വീട് വയറിംഗ്(ടി.എസ്.പി) | ഹരിദാസ്, വെട്ടുവഴി | 334441/31.03.16 വികസനഫണ്ട് | 4000 | KSEB യിൽ തുക അടച്ച് വയറിംഗ് പൂർത്തീകരിച്ചിട്ടില്ല. |
| 3 | 12/16 ,എസ്.സി കുടുംബങ്ങൾക്ക് പൈപ്പ്കണക്ഷൻ | രാജലക്ഷ്മി | 741127/31.12.15 വികസനഫണ്ട് | 6000 | വാട്ടർ അതോറിറ്റി യിൽ തുക അടച്ച് കണക്ഷൻ നേടിയതിന്റെ രേഖയില്ല. |

| | | | | | |
|---|---|---|---|---|---|
| 4 | -DO- | ഹരിക്കുട്ടൻ | 741231/1.1.16 വികസനഫണ്ട് | 6000 | ഇരട്ടിപ്പ് |
| 5 | -DO- | സുകുമാരൻ | 741232/1.1.16 വികസനഫണ്ട് | 6000 | ഇരട്ടിപ്പ് |
| 6 | -DO- | ശാന്താഗോപിനാഥൻ | 742136/4.02.16 വികസനഫണ്ട് | 6000 | ഇരട്ടിപ്പ് |
| 7 | -DO- | പങ്കജവല്ലി | 742138/4.2.16 വികസനഫണ്ട് | 6000 | ഡിഡി കൈപ്പറ്റിയില്ല |
| 8 | -DO- | കമല | 742688/23.2.16 വികസനഫണ്ട് | 6000 | ഇരട്ടിപ്പ് |
| 9 | -DO- | ബിജു | 742689/23.2.16 വികസനഫണ്ട് | 6000 | അപേക്ഷ ഓഡിറ്റിന് ലഭ്യമാകാത്തതിനാൽ കാരണം വ്യക്തമല്ല |
| 10 | -DO- | സാബു | 742132/4.2.16 വികസനഫണ്ട് | 6000 | ഇരട്ടിപ്പ് |
| | | | ആകെ | 102000 | |

അപേക്ഷാ രജിസ്റ്റർ പരിശോധിച്ചപ്പോൾ ക്രമനമ്പർ 4,5,6,8,10 ഗുണഭോക്താക്കൾക്ക് യഥാക്രമം ഡിഡി നമ്പർ787148/30.9.15,742692/23.2.16,742690/23.2.16,742139/23.2.16,741223/1.1.16 പ്രകാരം ഡിഡി നൽകിയിരുന്നതായി കാണുന്നു.ഒരിക്കൽ ഡിഡി എടുത്ത ഗുണഭോക്താക്കൾക്ക് വീണ്ടും ഡിഡി എടുക്കുകയും ആയത് നാളിതുവരെ റീവാലിഡേറ്റ് ചെയ്ത് സൂക്ഷിക്കുകയും (ഡി.ഡികൾ 8.7.16 ന് റീ വാലിഡേറ്റ് ചെയ്തിട്ടുണ്ട്) ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 8) നൽകി. ഗുണഭോക്താക്കൾ യഥാസമയം രേഖകൾ സമർപ്പിക്കാതിരുന്നതിനാലും ഇരട്ടിപ്പ് വന്നതിനാലുമാണ് ഡിഡി കൾ വിതരണം ചെയ്യാത്തതെന്നും ആയത് ഉടൻ തിരിച്ചടച്ചുകൊള്ളാമെന്നുമാണ് മറുപടി ലഭ്യമായത്. പദ്ധതി നിർവ്വഹണത്തിൽ ജാഗ്രത കാണിക്കാത്തതുമൂലമാണ് ടി അപാകതയുണ്ടായത്.

ഗുണഭോക്താക്കളുടെ രേഖകൾ കൃത്യമായി വാങ്ങി സൂക്ഷിച്ചതിനുശേഷം അവശ്യാധിഷ്ഠിതമായി വേണമായിരുന്നു പ്രോജക്ടുകൾ നിർവ്വഹിക്കേണ്ടിയിരുന്നത്. ആയതിനു പകരം വികസനഫണ്ട് വിഹിതം മുൻകൂർ പിൻവലിച്ച് ഡി.ഡി യായി നാളിതുവരെ കൈവശം വച്ചത് ക്രമപ്രകാരമല്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതും 102000 രൂപ നാളിതുവരെയുള്ള പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്.

## 3-2 എസ്.സി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകൽ-ഒരു ഗുണഭോക്താവിന് തന്നെ രണ്ട് പ്രാവശ്യം ഡിഡി എടുത്ത് നൽകി

പ്രോജക്ട് നമ്പർ-12/16

ചെലവ്-504000(വികസനഫണ്ട്)

| | |
|---|---|
| വൗച്ചർ നം.21500464/30.09.15 | ₹ 120000 |
| 716/26.12.15 | ₹ 258000 |

| | |
|---|---|
| 844/04.02.16 | ₹ 90000 |
| 924/26.02.16 | ₹ 36000 |

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

ഒരു ഗുണഭോക്താവിന് 6000 രൂപ വീതം ആകെ 84 പേർക്ക് ആനുകൂല്യം നൽകാനാണ് വികസനഫണ്ട് പിൻവലിച്ചത്. എന്നാൽ പ്രോജക്ട് നം.12/16 ന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രീ രഘുവരൻ, നാൽപ്പതിൽത്തറ എന്ന ഗുണഭോക്താവിന് ഡിഡി നമ്പർ 742686/23.2.16,742687/23.2.16 എന്നിവ പ്രകാരം 6000 രൂപ വീതം രണ്ട് തവണ നൽകിയിട്ടുണ്ട്. അധികമായി നൽകിയ 6000 രൂപ ഈടാക്കേണ്ടതില്ലെങ്കിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ തുക നാളിതുവരെയുള്ള പലിശ സഹിതം തിരികെ ഒടുക്കേണ്ടതാണ്.

## 3-3 എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം-വിതരണം പൂർത്തിയായില്ല

പ്രോജക്ട് നമ്പർ-13/16

ചെലവ്-240000(വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

അറുപത് എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം ചെയ്യാനായി വികസനഫണ്ടിൽ നിന്നും 240000 രൂപ (60x4000) പിൻവലിച്ച് (വൗച്ചർ നമ്പർ 21501130/31.3.16) ടെണ്ടർ നേടിയ നവഭാരത് ഏജൻസീസ് കോട്ടയം എന്ന സ്ഥാപനത്തിന് നൽകി. രേഖകൾ പരിശോധിച്ചതിൽ നിന്നും ആകെ 56 വിദ്യാർത്ഥികൾ മാത്രമാണ് പഠനോപകരണമായി വാങ്ങിയ മേശയും കസേരയും കൈപ്പറ്റിയിട്ടുള്ളത്. നാല് വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 9), അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയിൽ 4 ഗുണഭോക്താക്കളെ അനർഹരായി കണ്ടെത്തിയതിനാലാണ് പഠനോപകരണങ്ങൾ വിതരണം ചെയ്യാത്തത് എന്ന മറുപടിയാണ് ലഭിച്ചത്. 16-17 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ടി പ്രോജക്ടുണ്ടെന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകുമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകളുടെ കൃത്യമായ സൂക്ഷ്മ നിരീക്ഷണം നടത്താതെ വികസനഫണ്ട് മുൻകൂർ പിൻവലിച്ചത് ക്രമപ്രകാരമല്ല.അപാകത ആവർത്തിക്കാതിരിക്കേണ്ടതും പഠനോപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-4 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

ചുവടെ ചേർക്കുന്ന ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക/ ഫണ്ട് | വൗച്ചർ നമ്പർ/ ഡി.ഡി നമ്പർ |
|---|---|---|---|---|
| 1 | 184/16,തെരുവു നായ വന്ധ്യംകരണം | സെക്രട്ടറി | 200000<br>തനത് ഫണ്ട് | 21500440/17.9.15<br>സെക്രട്ടറി, ജില്ലാപഞ്ചായത്ത് |
| 2 | 93/16 വട്ടത്തറ-വാച്ചറപ്പടി പൈപ്പ് ലൈൻ നീട്ടൽ | സെക്രട്ടറി | 40000(വികസനഫണ്ട്) | 21500699/22.12.15<br>എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ,കടുത്തുരുത്തി |

| | | | | |
|---|---|---|---|---|
| 3 | 94/16 നക്കംതുരുത്ത്-കണ്ണംകേരിൽ പൈപ്പ് ലൈൻ നീട്ടൽ | സെക്രട്ടറി | 50000(വികസനഫണ്ട്) | 21500696/22.12.15<br>എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ,കടുത്തുരുത്തി |
| 4 | 95/16 കാണിയാട്ട്-ഇലകൊടിക്കൽ പൈപ്പ് ലൈൻ നീട്ടൽ | സെക്രട്ടറി | 35000(വികസനഫണ്ട്) | 21500697/22.12.15<br>എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ,കടുത്തുരുത്തി |
| 5 | 96/16 ഹെൽത്ത്സെന്റർ-വാപ്പന്ന പൈപ്പ് ലൈൻ നീട്ടൽ | സെക്രട്ടറി | 50000(വികസനഫണ്ട്) | 21500698/22.12.15<br>എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ,കടുത്തുരുത്തി |
| 6 | 143/16 കപ്ളാശ്ശേരി-ഇലകൊടിക്കൽ പൈപ്പ് ലൈൻ നീട്ടൽ | സെക്രട്ടറി | 75000(വികസനഫണ്ട്) | 21500700/22.12.15<br>എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ,കടുത്തുരുത്തി |
| 7 | 147/16 പൈപ്പ് ലൈൻ നീട്ടൽ(എസ്.സി) | സെക്രട്ടറി | 300000(വികസനഫണ്ട്) | 21500403/31.8.15<br>എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, സബ് ഡിവിഷൻ,വൈക്കം |
| 8 | 11/16,IAY അധികസഹായം(എസ്.സി) | അസിസ്റ്റന്റ്സെക്രട്ടറി | 1820000<br>(വി.ഫ) | 21500350/11.8.15<br>ബി.ഡി.ഒ,വൈക്കം ബ്ളോക്ക് പഞ്ചായത്ത് |
| 9 | 138/16 ,മീഡിയശ്രീ | അസിസ്റ്റന്റ്സെക്രട്ടറി | 65000 | 21500404/31.8.15 |

| | | | | |
|---|---|---|---|---|
| | വിഹിതം അടവ് | | (വി.ഫ) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുടുംബശ്രീസ്റ്റേറ്റ് മിഷൻ |
| 10 | 142/16 ,ബാലസഭ വിഹിതം അടവ് | അസിസ്റ്റന്റ്സെക്രട്ടറി | 35000<br>(വി.ഫ) | 21500404/31.8.15<br>സി.ഡി.എസ് |
| | | ആകെ | 26,70,000 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 26,70,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പ്രോജക്ടുകൾക്ക് ഡാറ്റാ എൻട്രി-ശമ്പളം നൽകിയത് സംബന്ധിച്ച്

2015-16 വർഷത്തെ പ്രോജക്ടുകളുടെ ഡാറ്റാ എൻട്രി നടത്തിയതിന് ശമ്പളമായി ശ്രീ.സുനിൽ ടി.പി, ജാനകി നിവാസ്, വല്ലകം എന്നയാൾക്ക് ദിവസേന 400 രൂപ നിരക്കിൽ തനതുഫണ്ടിൽ നിന്നും ചുവടെ ചേർക്കും പ്രകാരം 6000 രൂപ നൽകിയിട്ടുണ്ട്.

വൗച്ചർ നമ്പർ 21500738/4.1.16 4000 രൂപ(4/15 ലെ ശമ്പളം)

വൗച്ചർ നമ്പർ 21500874/16.2.16 2000 രൂപ(5/15 ലെ ശമ്പളം)

ഹാജരാക്കിയ രണ്ട് മസ്റ്റർ റോളിലും സെക്രട്ടറിയോ പ്രസിഡന്റോ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

ടിയാനെ നിയമിച്ചതു സംബന്ധിച്ച ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം ലഭ്യമാക്കേണ്ടതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ 10) മറുപടി ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 6000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 അംഗീകൃത അളവിനേക്കാൾ അധികമായ് പ്രവൃത്തി നിർവഹിച്ചത് ക്രമാനുസൃതമല്ല.

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പറമ്പത്ത് റോഡ് കോൺക്രീറ്റിംഗും ആറുകണ്ടം കൊടിയാട് റോഡ് ടാറിംഗ് എന്നിവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | വർക്കിന്റെ പേര് | ആകെ ചെലവ് | ബിൽനം./ വൗച്ചർനം. | കൺവീനർ | കൺവീനർ കൈപ്പറ്റിയ തുക | ഡിഡിനം. |
|---|---|---|---|---|---|---|
| 67/16 | പറമ്പത്ത് റോഡ് കോൺക്രീറ്റിംഗ് | 497028 | 21501024/ 22.02.2016 | അശോകൻ<br>ഇന്ദു നിവാസ്<br>ഉദയനാപുരം | 459516 | 333357/16.3.16 |
| 48/16 | ആറുകണ്ടം കൊടിയാട്റോഡ് ടാറിംഗ് | 425635 | | കരുണാകരൻ<br>തുള്ളക്കളം,<br>വൈക്കം | 393512 | 741988/1.2.16<br>333364/16.3.16 |
| ആകെ | | 922663 | | | 853028 | |

ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ തയ്യാറാക്കി സെക്രട്ടറി ഒപ്പുവച്ച് ആധികാരികമാക്കിയ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം പറമ്പത്ത് റോഡിന്റെ ആകെ നീളം 150 മീറ്ററും ആറുകണ്ടം കൊടിയാട് റോഡിന്റെ നീളം 200 മീറ്ററും ആണ്. എന്നാൽ ഇതിനു വിരുദ്ധമായി പറമ്പത്ത് റോഡിന്റെ കോൺക്രീറ്റിംഗ് 212മീറ്റർ നീളത്തിലും ആറുകണ്ടം കൊടിയാട്റോഡിന്റെ ടാറിംഗ് 230 മീറ്റർ നീളത്തിലും ചെയ്തതായി രേഖപ്പെടുത്തി പണം നൽകിയിരിക്കുന്നു.

പഞ്ചായത്ത് ആധികാരികമാക്കിയ അളവിനേക്കാൾ കൂടുതൽ പ്രവൃത്തി നിർവഹണം നടത്തിയത് ക്രമാനുസൃമല്ല. ഇതുമൂലം 190106 രൂപയുടെ അധികച്ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തിയും അളവും (നീളം വീതി ആഴം-മീറ്ററിൽ)) | ചെയ്ത അളവ് | നിരക്ക് | നിർണ്ണയിച്ച ചെലവ് (രൂപ) | അനുവദനീയമായ അളവ്(നീളം വീതി ആഴം) | യഥാർത്ഥത്തിൽ വരുന്ന ചെലവ് (രൂപ) | അധികം നൽകിയത് (രൂപ) |
|---|---|---|---|---|---|---|---|
| പറമ്പത്ത് റോഡ് കോൺക്രീറ്റിംഗ് | 1.മണ്ണ് ഫില്ലിംഗ് 212x2x0.30= 127.50m3 | 27.50m3 | 507.76/m3 | 64739.40 | 1.മണ്ണ് ഫില്ലിംഗ് 150x2x0.30=90m3 | 45698.4 | 19041 |
| | 2.ക്വാറിമക്ക് ഫില്ലിംഗ് 212x2x0.10=42.40m3 | 42.40 m3 | 730.86/ m3 | 30988.46 | 2.ക്വാറിമക്ക് ഫില്ലിംഗ് 150x2x0.10= 30m3 | 21925.8 | 9062.66 |
| | 3.കോൺക്രീറ്റിംഗ് (1:4:8) 212x2x0.10= 42.40 m3 | 42.40 m3 | 5271.71/m3 | 223520.5 | 3.കോൺക്രീറ്റിംഗ് (1:4:8) 150x2x0.10=30 m3 | 158151.3 | 65369.2 |
| | 4.കോൺക്രീറ്റിംഗ് (1:2:4) 212x2x0.05=21.20 m3 | 21.20 m3 | 7058.78/m3 | 149646.13 | 4.കോൺക്രീറ്റിംഗ് (1:2:4) 150x2x0.05=15 m3 | 105881.7 | 65369.2 |
| | | | | | | | 137237.29 |
| ആറുകണ്ടം കൊടിയാട് റോഡ് ടാറിംഗ് | 1.മെറ്റൽ സംഭരണം (53mm) 230x3x0.0935= 64.52m3 | 64.52 m3 | 1659.53/m3 | 107072.87 | 1.മെറ്റൽ സംഭരണം (53mm) 230x3x0.0935= 64.52m3 | 93099.63 | 13973.23 |
| | 2.മെറ്റൽ സംഭരണം (11.2mm) 230x3x0.0195= 13.46m3 | 13.46 m3 | 1802.93/m3 | 24267.43 | 2.മെറ്റൽ സംഭരണം (11.2mm) 230x3x0.0195= 13.46m3 | 21094.28 | 3173.15 |
| | 3.എർത്ത് സംഭരണം 230x3x0.009= | 6.21 m3 | 393.31/m3 | 2442.45 | 3.എർത്ത് സംഭരണം | 2123.87 | 318.58 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 6.21m3 | | | | 230x3x0.009=<br>6.21m3 | | |
| | 4.മെറ്റലിംഗ്<br>230x3x0.075=<br>51.75m3 | 51.75<br>m3 | 520.96/m3 | 26959.68 | 4.മെറ്റലിംഗ്<br>230x3x0.075=<br>51.75m3 | 23443.2 | 3516.48 |
| | 5.ടാറിംഗ്<br>(ടാക്ക്കോട്ട്)<br>230x3=690m2 | 690m2 | 55.61/<br>m2 | 38370.9 | 5.ടാറിംഗ്<br>(ടാക്ക്കോട്ട്)<br>230x3=690m2 | 33366 | 5004.9 |
| | 6.ടാറിംഗ്<br>(ചിപ്പിംഗ് കാർപ്പറ്റ്)<br>230x3=690m2 | 690m2 | 189.06/m2 | 130451.4 | 6.ടാറിംഗ്<br>(ചിപ്പിംഗ്<br>കാർപ്പറ്റ്)<br>230x3=690m2 | 113436 | 17015.4 |
| | 7.ടാറിംഗ്<br>(സീൽകോട്ട്)<br>230x3=690m2 | 690m2 | 109,63/m2 | 75644.7 | 7.ടാറിംഗ്<br>(സീൽകോട്ട്)<br>230x3=690m2 | 65778 | 9866.7 |
| ആകെ | | | | | | | 52868.44 |
| ഒട്ടാകെ | | | | | | | 190105.73 |

മേൽ നിരീക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.13) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത റോഡിന്റെ നീളത്തിൽ മാറ്റംവന്നിട്ടുണ്ടെന്നും അത് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നുമാണ്. പഞ്ചായത്ത് അളന്ന്തിട്ടപ്പെടുത്തി ആധികാരികമാക്കിയ അളവിൽ നിന്നും ഇപ്രകാരം ഗണ്യമായൊരു വ്യതിയാനം വരണമെങ്കിൽ അത് വ്യക്തമാക്കുന്നത് സ്വകാര്യവ്യക്തികൾ പഞ്ചായത്തിന് ഭൂമിവിട്ടൊഴിഞ്ഞു നൽകിയിട്ടുണ്ടെന്നാണ്. അപ്രകാരമാണെങ്കിൽ പ്രസ്തുത ഭൂമി, ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം നിർദ്ദിഷ്ട നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനത് ആസ്തിയാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരേയ്ക്കും പ്രസ്തുത വർക്കുകൾക്ക് അധികമായി ചെലവഴിച്ച 190106 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിവരിച്ചപ്രകാരം ആസ്തി സംബന്ധിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 പ്രവൃത്തിനിർവഹണത്തിൽ കാലതാമസം.-പിഴയീടാക്കിയിട്ടില്ല.

ചുവടെ പറയുന്ന വർക്ക് ദർഘാസ് നിബന്ധനകൾ പ്രകാരം 15.2.16.നകം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഈ കാലയളവിനുള്ളിൽ പ്രസ്തുത വർക്ക് ഭാഗികമായി മാത്രമാണ് നിർവഹിക്കപ്പെട്ടിട്ടുള്ളത്. ബാക്കി പ്രവൃത്തികൾ 2016-17 വർഷം മാത്രമാണ് നിർവഹിക്കപ്പെട്ടത്. എന്നാൽ ഇപ്രകാരം കാലതാമസത്തിന് കാരണം കാണിച്ച് പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ പഞ്ചായത്ത് ഭരണസമിതി യഥാവിധി അത് ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. എന്നാൽ കാലതാമസത്തിന് നിയമാനുസൃതം പിഴയീടാക്കാതെയാണ് 2016-17ൽ അന്തിമ ബിൽ പ്രകാരം തുകനൽകിയിട്ടുള്ളത്. ഇത് ക്രമാനുസൃതമല്ല. ആയതിനാൽ 15-16 ൽ പാർട്ട്ബിൽ പ്രകാരം കരാറുകാരന് നൽകിയ 225940രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട്നം. | വർക്കിന്റെ പേര് | ഓഡിറ്റ് വർഷം ചെലവ് | ബിൽനം/ വൗച്ചർ നം. | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | ഡിഡിനം. | പണി പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|---|---|---|
| 140/16 | പഞ്ചായത്ത് ഓഫീസ്ഹാൾ ഫർണിഷിംഗ് | 268978 | 21500928/ 31.1.16 | അജി റ്റി എം, തുണ്ടത്തിൽ, വൈക്കം | 225940 | 743342/16.2.16 | 15.2.16 | 3.10.16 |

മേൽവിഷയം സംബന്ധിട്ട് നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന്(നം.16) എഞ്ചിനീയർ നൽകിയ മറുപടിയിൽ പ്രസ്തുത വർക്കിന്റെ പൂർത്തീകരണകാലാവധി 31.5.16 ആണന്നാണ് വ്യക്തമാക്കിയത്.എന്നാൽ ടെന്റർ ഇൻവൈറ്റിംഗ് അധികാരിനൽകിയ അറിയിപ്പ് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി 60 ദിവസങ്ങളാണ്. 15.12.15 തീയതിയിൽ പ്രവൃത്തിനിർവഹണം സംബന്ധിച്ച് കരാറുകാരൻ കരാറിലേർപ്പെട്ടിട്ടുള്ളതിനാൽ 15.2.16 നകം ടിയാൻ പ്രവൃത്തി പൂർത്തീകരിക്കാൻ ബാധ്യസ്ഥനാണ്. ആയതിനാൽ നിയമാനുസൃതമുള്ള പിഴയീടാക്കാതെ 16-17 വർഷം അന്തിമബിൽ പ്രകാരം തുക നൽകിയത് ക്രമാനുസൃതമല്ല. കരാറുകാരനിൽനിന്നും പിഴയീടാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 പ്രവൃത്തിനിർവഹണത്തിൽ വീഴ്ച-കരാറുകാരന്റെ കരുതൽ നിക്ഷേപം പഞ്ചായത്തിൽ മുതൽക്കൂട്ടിയതിന്റെ വിവരം ലഭ്യമായിട്ടില്ല

താഴെപ്പറയുന്ന റോഡ് വർക്കുകളുടെ നിർവഹണച്ചുമതല 2014-15വർഷം ടെന്റർചെയ്യുകയും ഏറ്റവും കുറഞ്ഞ നിരക്ക് കോട്ടുചെയ്ത ശ്രീ.സുഹാസ്, സുർജിത്ത് നിവാസ്, കാഞ്ഞിരമറ്റം എന്ന കരാറുകാരന് കരാർ നൽകുകയും ചെയ്തു. ടിയാൻ പഞ്ചായത്തുമായിവെച്ച ഉടമ്പടി പ്രകാരം 31.3.2015നകം നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു.എന്നാൽ കരാർ പ്രകാരം പ്രവൃത്തി നിർവഹിക്കാത്തതിനാൽ 26.5.15 ലെ 1(3) നം തീരുമാനപ്രകാരം ടിയാനെ പ്രവൃത്തി നിർവഹണച്ചുമതലയിൽനിന്നൊഴിവാക്കുകയും മേൽ വർക്കുകൾക്ക് കരാറ് നല്കിയവരിൽ തൊട്ടടുത്ത കുറഞ്ഞ നിരക്ക് കോട്ടുചെയ്ത ശ്രീ.റ്റി .എസ്.അശോകൻ, പടിഞ്ഞാറെത്തറ,കരിപ്പാടം എന്നയാളെ നിർമ്മാണം ഏല്പിക്കുകയും ചുവടെ വിവരിക്കും പ്രകാരം തുക നൽകുകയും ചെയ്തു.

| പ്രോജക്ട്നം. | വർക്കിന്റെ പേര് | ആകെ ചെലവ് | വൗച്ചർ നം/ ബിൽനം. | കരാറുകാരൻ കൈപ്പറ്റിയ തുക | ഡിഡി നം. |
|---|---|---|---|---|---|
| 159/16 | ചാലകം മാത്തിപ്പറമ്പ്റോഡ് ടാറിംഗ് | 214827 | 21500894/27.2.16 | 201935 | 742339/16.2.16 |
| 163/16 | ഒ എൽ എച്ച് കോളനിറോഡ് റീടാറിംഗ് | 254217 | 21501016/22.2.16 | 238962 | 742963/2.3.16 |
| ആകെ | | 469044 | | 440897 | |

എന്നാൽ നഷ്ടോത്തരവാദിയായ കരാറുകാരൻ ശ്രീ. സുഹാസിൽനിന്നും കരാർ നിബന്ധനപ്രകാരം നഷ്ടം നികത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. കരാർ നിബന്ധനപ്രകാരം ടിയാൻ മേൽവർക്കുകൾക്ക് യഥാക്രമം 12500, 15000 രൂപ കരുതൽനിക്ഷേപമായ് പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇപ്രകാരം തുകയൊടുക്കിയതിന്റെ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ പ്രസ്തുത നിക്ഷേപം നാളിതുവരെ പഞ്ചായത്തിലേക്ക് മുതൽക്കൂട്ടിയിട്ടില്ല എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത നിക്ഷേപം മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതുവരേയ്ക്കും മേൽ വർക്കുകൾക്കായ് കരാറുകാരന് നൽകിയ 440897 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഭവനനിർമ്മാണം (ജനറൽ) രണ്ട് വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്

-പ്രോജക്ട് നം. എസ്.97/2016

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ.

| സ്രോതസ് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 1400000 | 960000 |
| ആകെ | 1400000 | 960000 |

പ്രോജക്ട് പ്രകാരം ഏഴ് ഗുണഭോക്താക്കൾക്കാണ് ഭവന നിർമ്മാണത്തിനുള്ള ധനസഹായത്തിന് (ഒരാൾക്ക് 2 ലക്ഷം രൂപ വീതം) അർഹതയുണ്ടായിരുന്നത്. ഇതിൽ രണ്ടുപേർ മാത്രമാണ് ഭവനനിർമ്മാണം പൂർത്തീകരിച്ചത്. നാല് പേരുടെ ഭവനനിർമ്മാണം മൂന്നാം ഘട്ടത്തിൽ എത്തി നിൽക്കുന്നു. ഒരാൾക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ലഭിച്ച തുക | ലഭിക്കാനുള്ള തുക |
|---|---|---|---|
| 1 | നാരായണൻ നായർ, പുത്തേത്ത് | 140000 | 60000 |
| 2 | ബാബു, മണപ്പാടത്ത് | 140000 | 60000 |

| | | | |
|---|---|---|---|
| 3 | അശോകൻ, പരുവച്ചുവട്ടിൽ | 140000 | 60000 |
| 4 | വിജയകുമാർ, ചാത്തനേഴത്ത് | 140000 | 60000 |
| 5 | അപർണ്ണ പ്രദീപ്, കൈത്താറ്റ്തറ | തുകയൊന്നും ലഭിച്ചില്ല | 200000 |

തുടർ പ്രോജക്ടുകൾ ആവിഷ്കരിച്ച് സൂചിത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ഹോംകോയിൽ നിന്നും മരുന്ന് വൈകി ലഭിക്കുന്നത്

ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിന്റെ (എസ്.120/2016) ഭാഗമായി 150000/- രൂപയുടെ ഡി.ഡി. (നം.740763) 23.12.15-ാം തീയതി ഹോകോയുടെ മാനേജിംഗ് ഡയറക്ടർക്ക് നിർവ്വഹണോദ്യോഗസ്ഥ നൽകിയെങ്കിലും 08.03.16 ലാണ് മരുന്ന് (98560/- രൂപ യുടെ മാത്രം) ലഭിക്കുന്നത്. ബാക്കി തുകയായ 51350/- രൂപയുടെ മരുന്ന് ലഭിക്കുന്നത് 17.11.16 ൽ മാത്രമാണ്. തുക നൽകി 60 ദിവസങ്ങൾക്കുള്ളിൽ വിതരണ സ്ഥാപനങ്ങൾ ആശുപത്രികളിൽ മരുന്ന് എത്തിക്കാൻ ബാധ്യസ്ഥരായിരിക്കെ ഇപ്രകാരം സംഭവിക്കുന്നത് ആശാസ്യമല്ലെന്ന് വിതരണ സ്ഥാപനത്തെ അറിയിക്കുകയും തുടർ വർഷങ്ങളിൽ ഇപ്രകാരം കാലതാമസം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. 17.11.16 ൽ ലഭിച്ച മരുന്നുകൾ സ്റ്റോക്കിൽ എടുക്കേണ്ടതാണ്.

## 3-11 എച്ച് എം.സി ആയുർവേദം -തുക മോഷണം പോയത് സംബന്ധിച്ച്

ആയുർവേദ ആശുപത്രിയുടെ (എൻ.ആർ.എച്ച്.എം.) മാനേജ്മെന്റ് സമിതിയുടെ കണക്കുകൾ പരിശോധിക്കുന്നതിനിടയിൽ സമിതിയുടെ വരവിൽപ്പെട്ട 1009/- രൂപ മോഷണം പോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടു. 19.03.16 ലാണ് മോഷണം നടന്നത്. മോഷണം സംബന്ധിച്ച് വൈക്കം പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി (സി.81,സി82, സി83 (15-16)) നൽകിയിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. സമിതിയുടെ മിനിട്ട്സ് ബുക്ക്, പാസ്സ്ബുക്ക് എന്നിവ ഹാജരാക്കിയിരുന്നില്ല. അന്വേഷണത്തിൽ നാളിതുവരെ സമിതി ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ല എന്നറിയുന്നു. സമിതിയുടെ പേരിൽ ബാങ്കിൽ അക്കൗണ്ട് തുറക്കാനും പിരിവ് തുകകൾ അക്കൗണ്ടിൽ നിക്ഷേപിക്കാനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 പ്രത്യേക കന്നുകുട്ടിപരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

സൂചിത പ്രോജക്ടിന്റെ (എസ്.33/2016) നടത്തിപ്പിനായി നിർവ്വഹണോദ്യോഗസ്ഥ പഞ്ചായത്ത് വിഹിതമിനത്തിൽ 3 ലക്ഷം രൂപ അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പേർക്ക് നൽകിയിട്ടുണ്ട്. 1,19,259/- രൂപയുടേയും (740604/18.12.15) 180741/- രൂപയുടേയും (740605/18.12.15) ഡി.ഡി.കളായിട്ടാണ് തുക കൈമാറിയിട്ടുള്ളത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-13 കക്കൂസ് നിർമ്മാണം -ഭൂരിഭാഗം ഗുണഭോക്താക്കൾക്കും ധനസഹായം ലഭിച്ചില്ല.

| പ്രോജക്ട്നം. | നിർവഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് |
|---|---|---|---|
| 30/16 | വി.ഇ.ഒ | വികസനഫണ്ട് 289000 | 105000 |
| | | റ്റി.എസ്.സി 1020000 | 2200 |
| ആകെ | | 1309000 | 107200 |

ഒരു ഗുണഭോക്താവിന് 15400രൂപവച്ച് ആകെ 85പേർക്ക് കക്കൂസ് നൽകാനായിരുന്നു പദ്ധതി. എന്നാൽ 75പേർ മാത്രമാണ് എഗ്രിമെന്റ് വച്ചത്. ഇതിൽ 8പേർ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയത്. റ്റി.എസ്.സി വിഹിതം 12000 രൂപയും വികസനഫണ്ട് 3400രൂപയും ഉൾപ്പെടെ ആകെ 15400 രൂപയാണ് ഒരു കക്കൂസിന്റെ യൂണിറ്റ് കോസ്റ്റ്. എന്നാൽ റ്റി എസ് സി വിഹിതം ലഭിക്കാതിരുന്നതിനെത്തുടർന്ന് ഈ ഇനത്തിൽ 2200 രൂപമാത്രം ചെലവഴിക്കുകയും ബാക്കി 105000രൂപ വികസനഫണ്ടിൽ നിന്നും വിനിയോഗിക്കുകയുമാണ് ചെയ്തിട്ടുള്ളത്. യൂണിസ്റ്റകോസ്റ്റ് ആകെ 13400രൂപയെന്നനിലയിലാണ് തുകവിനിയോഗിച്ചിട്ടുള്ളത്. കക്കൂസിനൊപ്പം നിർമ്മിക്കേണ്ട സോക്ക്പിറ്റ് ,കമ്പോസ്റ്റ് പിറ്റ് എന്നിവ നിർമ്മിക്കാതിരുന്നതിനാലാണ് ഇപ്രകാരം 2000 രൂപ കുറച്ച് ഗുണഭോക്താക്കൾക്ക് നൽകിയത്. റ്റി എസ് സി വിഹിതം ലഭ്യമാകുന്നമുറയ്ക്ക് എഗ്രിമെന്റ് വച്ച മുഴുവൻ ഗുണഭോക്താക്കളുടേയും കക്കൂസ്. നിർമ്മാണം പൂർത്തീകരിക്കാൻ തുടർപ്രോജക്ടുകൾ വഴി ശ്രമിക്കേണ്ടതാണ്. 27.4.2016 ൽ 312147രൂപ റ്റി എസ് സി അക്കൗണ്ടിൽ ബാലൻസുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ
ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് സമ്പൂർണ്ണ ഭവനപദ്ധതി | ജി ഒ (എം എസ്) നം725/2010/. തസ്വ.ഭ വ/4.3.2010 | 17200000 | 7111050 | 1300000 | 0 | 5811050 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ
ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി
ഈയിനത്തിൽ തൻവർഷം ലഭിച്ച 731 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3(2) | 260 | റ്റി.കെ. തങ്കച്ചൻ, ഹെഡ്ക്ലർക്ക് | 11503101731/19.12.15 |
| 2007-08 | 3(4) | 100 | അരവിന്ദാക്ഷൻ, ഓഫീസ് അറ്റന്റന്റ് | 115 03101733/ 19.12.15 |
| 2012-13 | 2-3(c) | 150 | എച്ച്.എം. ജി എൽ പി എസ് നേരേകടവ് | 11503100377/5.5.15 |
| 2005-06 | 2-1(a)(b)(c) | 221 | ചന്ദ്രശേഖരൻ, സെക്രട്ടറി | 11503102134/22.01.16 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41591535 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58675865 |
| വരവിനങ്ങളിലുള്ള നഷ്ടം | 25000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3532943 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 25000 | | ശ്രീ.രാജീവ് എസ്, അസി.സെക്രട്ടറി |
| 3-2 | | 6000 | |
| ആകെ | 25000 | 6000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2670000 | ശ്രീ.രാജീവ് എസ്, അസി.സെക്രട്ടറി |
| 3-5 | 6000 | |
| 3-6 | 190106 | ശ്രീമതി ലില്ലിക്കുട്ടി, അസി.എഞ്ചിനീയർ |
| 3-7 | 225940 | |
| 3-8 | 440897 | |
| ആകെ | 3532943 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജീവ് എസ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി, ഉദയനാപുരം ഗ്രാമപഞ്ചായത്ത് | ശിവപ്രസാദം ഹൗസ്, മുരിയൻകുളങ്ങര പി.ഒ, കിഴക്കേനട, വൈക്കം |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | ഖണ്ഡികകളുടെ എണ്ണം | |
| 98-99 | എൽ.എഫ്.കെ.പി.5/519/04/10.06.14 | - | |
| 99-00 | എൽ.എഫ്.കെപി.5./858/22.01.01/2.2.05 | - | |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി1/ അദാ/എഫ്6/11-31.08.11 | - | |
| 2000-01 | എൽ.എഫ്.കെ.പി1/ അദാ/എഫ്6/11(6)-31.08.11 | | |
| 02-03 ചെലവ് | എൽ.എഫ്.കെ.പി1/ അദാ/എഫ്6/11-31.08.11 | 11 | |
| 2003-04 | എൽ.എഫ്.കെ.പി1/ അദാ/എഫ്6/11-31.08.11 | 10 | |
| 2004-05 | എൽ.എഫ്.കെ.പി7/1151/11-31.03.2012 | 4 | |
| 2005-06 | എൽ.എഫ്.കെ.പി7/1152/11-31.03.2012 | | |
| 2006-07 | എൽ.എഫ്.കെ.പി.7/904/11-7.6.2012 | 17 | |
| 2007-08 | എൽ.എഫ്.കെ.പി.6/721(1)/13-7.6.13 | | |
| 2008-09 | എൽ.എഫ്.കെ.പി.6/721(2)/13-1.7.13 | 9 | |
| 2009-10 2010-11 | എൽ.എഫ്.കെ.പി.6/749/13-11.6.13 | 15 | |
| 2011-12 | എൽ.എഫ്.കെ.പി.6/1680/13-9.10.14 | 20 | |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി 6/1487/14-12.2.16 | 33 | |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/599/1623.5.16 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ-കെടിഎം.പി.6-1928/2016 തീയതി-19.12.2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം